ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ചും, പുതിയ കുഴൽക്കിണർ കുഴിച്ച് വൈദ്യുതീകരിച്ച് വിതരണ ശൃംഖല സ്ഥാപിച്ചും അഡീഷണൽ പമ്പിംഗ് ഏർപ്പെടുത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)†

(ബി)&(സി) ഇതിനായി പൂർണ്ണതോതിലുള്ള പദ്ധതികൾ ഇല്ല. എന്നാൽ താഴെപ്പറയുന്ന പൈപ്പുലൈൻ ദീർഘിപ്പിക്കൽ പണികൾ നടന്നുവരുന്നു.

1. മേലാർക്കോട് ജലവിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ.
2. കാവശ്ശേരി ജലവിതരണ പദ്ധതിയിൽ ജലവിതരണം വ്യാപിപ്പിക്കൽ.
3. കണ്ണമ്പ്ര ജലവിതരണ പദ്ധതിയിൽ ജലവിതരണം വ്യാപിപ്പിക്കൽ
4. കണ്ണമ്പ്ര പഞ്ചായത്തിലെ മാട്ടുവഴി മിനി ശുദ്ധജല വിതരണ പദ്ധതിയിൽ ശുദ്ധജല വിതരണം വ്യാപിപ്പിക്കൽ.
5. വടക്കാഞ്ചേരി ജലവിതരണ പദ്ധതിയിൽ ജലവിതരണം വ്യാപിപ്പിക്കൽ. മേൽപ്പറഞ്ഞ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

(ഡി) ഇതിനായി ഏജൻസികളുടെ സഹായം ഉപയോഗിച്ചിട്ടില്ല.

(ഇ) 17 എണ്ണം. പ്രസ്തുത നിവേദനങ്ങൾ ആലത്തൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് ആവശ്യമായ നടപടികൾക്കായി നൽകിയിട്ടുണ്ട്.

68 (1174) തൃക്കരിപ്പൂർ മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

10-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വലിയപറമ്പ് പഞ്ചായത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജല വിതരണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

69 (1175) ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(സി) അനുമതിക്കായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം?

ഉത്തരം

(എ) ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. നീലേശ്വരം പഞ്ചായത്തിലെ കരുവാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി.

2. പനത്തടി പഞ്ചായത്തിലെ പെരുമ്പള്ളി ശുദ്ധജല വിതരണ പദ്ധതി.

(ബി) താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്;

1) നീലേശ്വരം പഞ്ചായത്തിൽ നെടുങ്കണ്ട ശുദ്ധജല വിതരണ പദ്ധതി.

2) മാലോത്ത്, ബളാൽ വില്ലേജുകൾക്കുവേണ്ടിയുള്ള ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

3) കിനാനൂർ, കരിന്തളം പഞ്ചായത്തിൽ വാർഡ് അഞ്ചിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.

4) കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ - പുതിയ കിണർ നിർമ്മിക്കൽ.

(സി) ഇല്ല. റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

70 (1176) ഇരിണാവ് ഡാം റിപ്പയർ ചെയ്യാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴിക്കോട് നിയോജകമണ്ഡലത്തിൽപ്പെട്ട ഇരിണാവ് ഡാം റിപ്പയർ ചെയ്യുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇരിണാവ് റഗുലേറ്റർ റിപ്പയർ ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) റഗുലേറ്റർ റിപ്പയർ ചെയ്യാനായി 3,10,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടെണ്ടർ വിളിക്കുകയും പ്രവൃത്തി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly